**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1514** **10/02/2020- ൽ മറുപടിയ്ക്ക്**

**വെളിയന്നൂർ കൃഷി ഭവന്റെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരണം**

| ചോദ്യം<br>ശ്രീമതി ഷാനിമോൾ ഉസ്മാൻ | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| (എ) ജി. ഒ. (പി) നമ്പർ 34/17/റവന്യൂ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള ഡേറ്റാ ബാങ്കിലെ തെറ്റുകൾ പരിഹരിച്ച് പുതുതായി ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സർക്കാർ നിശ്ചയിച്ച സമയപരിധിയും ദീർഘിപ്പിച്ച് നൽകിയ സമയപരിധിയും കഴിഞ്ഞിട്ടുള്ള സാഹചര്യത്തിൽ വെളിയന്നൂർ കൃഷി ഭവന്റെ ഡേറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) വെളിയന്നൂർ കൃഷിഭവനിലെ പ്രസിദ്ധീകരിക്കപ്പെട്ട നിലവിലെ ഡേറ്റാബാങ്കിലെ തെറ്റുകൾ പരിഹരിക്കുന്നതിനായി വെളിയന്നൂർ കൃഷിഭവനിൽ ലഭിച്ച അപേക്ഷകളിന്മേൽ സ്ഥല പരിശോധന നടത്തി തീർപ്പ് കല്പിച്ചിട്ടുള്ളതാണ്. ഉപഗ്രഹചിത്ര പരിശോധനയ്ക്കായി കേരള സ്റ്റേററ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിൽ അപേക്ഷകൾ അയച്ചിട്ടുള്ളതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അവയും തീർപ്പാക്കുന്നതാണ്. നിലവിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഡേറ്റാബാങ്ക് കേരള സ്റ്റേററ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ നൽകിയ ഉപഗ്രഹ ചിത്രം ഉപയോഗിച്ച് വാലിഡേഷൻ നടത്തി പുനഃ പ്രസിദ്ധീകരിക്കുവാനാണ് പ്രാദേശിക തല നിരീക്ഷണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. |
| (ബി) ഡേറ്റാ ബാങ്ക് എന്ന് പ്രസിദ്ധീകരിക്കാനാവും എന്ന് വ്യക്തമാക്കാമോ? | (ബി) കേരള സ്റ്റേററ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ സഹായത്തോടെ ഉപഗ്രഹ ചിത്രങ്ങൾ ഉപയോഗിച്ചുള്ള വാലിഡേഷൻ പൂർത്തിയാക്കി ലഭ്യമാക്കുന്ന മുറയ്ക്ക് പ്രാദേശിക തല നിരീക്ഷണ സമിതി ഡേറ്റാ ബാങ്ക് പുനഃ പ്രസിദ്ധീകരിക്കുന്നതാണ്. |

Sreelatha

**സെക്ഷൻ ഓഫീസർ**